അടിസ്ഥാനത്തിലാകുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നാമമാത്രമായ സഹായം മാത്രമെ ലഭിക്കുന്നുള്ളൂ. കർഷകർക്ക് അതുയും തുക പര്യാപ്തമല്ല എന്നുള്ളത് തന്നെയാണ് ഗവൺമെന്റിന്റെ സമീപനം. കേന്ദ്ര ഗവൺമെന്റിന്റെ റൂൾ അനുസരിച്ചാണെങ്കിൽ നഷ്ടപരിഹാരത്തിന്റെ 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും വഹിക്കണമെന്നാണ്. പക്ഷെ ആ തുക നാമമാത്രമാണ്. ആയതിനാൽ കൃഷിവകുപ്പ് ഇക്കാര്യം പരിശോധിച്ച് ഒരു പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഗവൺമെന്റ് ആ പ്രൊപ്പോസൽ എത്രയുംവേഗം പരിഗണിച്ച് ഒരു തീരുമാനമെടുക്കുന്നതാണ്. അങ്ങനെ തീരുമാനമെടുക്കുമ്പോൾ കേന്ദ്ര നിബന്ധനകൾക്ക് വിരുദ്ധമായി വർദ്ധിപ്പിക്കുന്ന തുക മുഴുവനും സംസ്ഥാന ഗവൺമെന്റ് വഹിക്കേണ്ടിവരും. കേന്ദ്ര ഗവൺമെന്റ് വഹിക്കുന്ന 75% എന്നുപറഞ്ഞത് അവരുടെ മാനദണ്ഡത്തിന് അനുസരിച്ച് മാത്രമുള്ള തുകയാണ്. എന്തായാലും കർഷകർക്ക് കുറച്ചുകൂടി സഹായം ലഭിക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. സംസ്ഥാന കൃഷികുപ്പ് അക്കാര്യം പരിശോധിച്ചുവരികയാണ്. എത്രയുംവേഗം ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

3. എസ്.സി. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

<u>ശ്രീ. കെ. രാജു</u> : സർ, നേരത്തെ ഈ വിഷയം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളതാണ്. വനമേഖലയിലും തമിഴ് നാടിനോടുചേർന്ന മേഖലകളിലുമായി തമിഴ്നാട്ടിൽനിന്നുവന്ന് സ്ഥിരമായി താമസിക്കുന്ന തമിഴ് വംശജരായ ആളുകളും അതുപോലെതന്നെ സിലോണിൽ നിന്ന് ഇവിടത്തെ റീഹാബിലേറ്റഷൻ പ്ലാന്റേഷനിൽ ജോലിക്കായി മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും ശ്രീലങ്കൻ മുൻ പ്രധാനമന്ത്രി സിരിമാവോ ബണ്ഡാരനായകെയും തമ്മിലുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്ന് താമസിപ്പിച്ചിരിക്കുന്നവരടക്കമുള്ള ആയിരക്കണക്കിന് തമിഴ് കുടുംബങ്ങളുമുണ്ട്. അതിൽ ബഹുഭൂരിപക്ഷവും എസ്.സി. വിഭാഗത്തിൽപ്പെടുന്നവരാണ്. ഇവർക്ക് മുമ്പ് എസ്.സി. സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നു. ഭരണഘടനാപരമായി എസ്.സി. വിഭാഗത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ എസ്.സി. സർട്ടിഫിക്കറ്റ് ലഭിക്കാത്തതുകൊണ്ട് ഇപ്പോൾ ഇവർക്ക് നിഷേധിക്കപ്പെടുകയാണ്. വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യങ്ങൾക്കുവേണ്ടി കോളേജുകളിൽ ഹാജരാക്കുന്നതിനും അഡ്മിഷൻ ലഭിക്കുന്നതിനും വളരെ ബുദ്ധിമുട്ടാണ്. അവർ എസ്.സി. ആണെന്ന് അപേക്ഷയിൽ രേഖപ്പെടുത്തിക്കൊടുത്തതിനുശേഷം എസ്.സി. സർട്ടിഫിക്കറ്റ് ഹാജരാക്കാൻ അധികാരികൾ സമയം കൊടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ സർട്ടിഫിക്കറ്റിനു വേണ്ടി അപേക്ഷിച്ചാൽ റവന്യൂ അധികാരികൾ സർട്ടിഫിക്കറ്റ് കൊടുക്കുന്നില്ല. കാരണം, 50 വർഷംമുമ്പുള്ള അവരുടെ ചരിത്രം പരിശോധിച്ചതിനുശേഷം മാത്രമേ സർട്ടിഫിക്കറ്റ് കൊടുക്കാവൂ എന്ന വ്യവസ്ഥ നിലവിൽവന്നുവെന്നുള്ളതുകൊണ്ട് ഈ വിഭാഗം അനുഭവിക്കുന്ന ബുദ്ധിമുട്ട് വളരെ വലുതാണ്. കരാറടിസ്ഥാനത്തിൽ റീഹാബിലിറ്റേഷൻ പ്ലാന്റിൽ ജോലിക്ക് വന്നിട്ടുള്ളവരുടെ അടുത്ത തലമുറയിൽപ്പെട്ട ആളുകൾക്ക് ജാതി സർട്ടിഫിക്കറ്റില്ലാത്തതുകൊണ്ട് വർക്കറായി ജോലി കിട്ടുന്നതിനുപോലും തടസ്സം നേരിടുകയാണ്. അവർക്ക് താൽക്കാലിക നിയമനം നൽകി നീട്ടിക്കൊണ്ടുപോവുകയാണ്. അവരെ സ്ഥിരപ്പെടുത്തുന്നില്ല. ഫാമിലി കാർഡിൽ എസ്.സി. ആണോ എന്നെഴുതിയിട്ടില്ല എന്നുള്ള കാരണത്താലാണ് അവർക്ക് എസ്.സി. സർട്ടിഫിക്കറ്റ് ലഭിക്കാത്തതെന്നാണ് പറയുന്നത്. അതുകൊണ്ട് ധാരാളം ജനങ്ങൾ യഥാർത്ഥത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഇത് പുനലൂർ നിയോജകമണ്ഡലത്തിന്റെ മാത്രമല്ല, സംസ്ഥാനത്ത് പലഭാഗത്തുമുള്ള ആളുകൾക്കും ഈ പ്രശ്നമുണ്ട്. ഇക്കാര്യത്തിന് ശാശ്വത പരിഹാരം കണ്ടേതേണ്ടിയിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി താല്പര്യമെടുത്ത് ബന്ധപ്പെട്ട വകുപ്പുകളുടെ ഒരു യോഗം വിളിച്ചുകൂട്ടി ഇതിനൊരു പരിഹാരം കാണാനും ഇവർക്ക് ഭരണഘടനാപരമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച കാര്യം ശരിയാണ്. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിച്ചിട്ടും നടക്കാത്ത സ്ഥിതിയാണുള്ളത്. കാരണം, അതുസംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ വ്യക്തമായ ഒരു ഡയറക്ഷനുണ്ട്. അതായത്, കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം ഒരു സംസ്ഥാനത്തിന്റെ പട്ടികജാതി ലിസ്റ്റിലെ ഏതെങ്കിലും സമുദായത്തിൽപ്പെട്ടതായി സാക്ഷ്യപത്രം ലഭിക്കേണ്ട വ്യക്തി ഏത് സംസ്ഥാനത്തുനിന്നാണോ 1950-നുമുമ്പ് കുടിയേറിയത് ആ സംസ്ഥാനത്തിലെ പട്ടികജാതി ലിസ്റ്റിലെ അംഗീകരിക്കപ്പെട്ട സമുദായത്തിൽപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ആളായിരിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. സംസ്ഥാനങ്ങൾ തിരിച്ചുള്ള ലിസ്റ്റുകൾ 1950-ൽ മാത്രമേ പുറപ്പെടുവിച്ചിട്ടുള്ളൂ എന്നിരിക്കെ 1950-നുമുമ്പ് കുടിയേറിയവരെ സംബന്ധിച്ച് ഇപ്രകാരം നിഷ്കർഷിച്ചിരിക്കുന്ന നിബന്ധന നടപ്പിലാക്കുന്നതിൽ പ്രായോഗിക വൈഷമ്യം ഉള്ളതായി ഗവണ്മെന്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. പക്ഷെ ഈ കാര്യം കേന്ദ്ര മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും പ്രായോഗികമായി ഇതിനൊരു പരിഹാരമുണ്ടാക്കണമെന്ന് അറിയിക്കുകയും ചെയ്തിട്ടും ഇതുവരെയും മറുപടി കിട്ടുന്നില്ല. ഒരു വശത്ത് 1950-ലെ ലിസ്റ്റ് പ്രകാരം എന്ന് വ്യക്തമാക്കുന്നുവെങ്കിലും അങ്ങനെയുള്ള റിക്കാർഡുകൾ ഇല്ലാത്തതിന് എന്തുവേണമെന്നതിനെ സംബന്ധിച്ച് കേന്ദ്ര മന്ത്രാലയം നിശ്ശബ്ദരായിരിക്കുകയാണ്. അതുകൊണ്ട് 1950-നുമുമ്പ് സംസ്ഥാനത്ത് കുടിയേറിയവരാണെന്ന് തെളിയിക്കാൻ രേഖകളില്ലാത്തതിനാൽ മാത്രം പട്ടികജാതി വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കുന്നില്ലെന്ന് വീണ്ടും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഇതുസംബന്ധിച്ച് ഒരു തീരുമാനമുണ്ടാക്കുന്നതിനും പരമാവധി ശ്രമിക്കുന്നതാണ്. ഇന്ന് ഇവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

4. ആസ്തി വികസന ഫണ്ടിന്റെ പ്രവർത്തന പുരോഗതി

<u>ശ്രീ. കെ. മുരളീധരൻ</u> : സർ, ഈ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കിയ എം.എൽ.എ.-മാർക്കുള്ള ആസ്തിവികസന ഫണ്ട് സംസ്ഥാനത്തെ അടിസ്ഥാനസൗകര്യ വികസനരംഗത്ത് വളരെയധികം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. സംസ്ഥാനത്ത് കഴിഞ്ഞ നാലുവർഷംകൊണ്ട് ഏതാണ്ട് 2,800 കോടി രൂപയുടെ വികസന നിർമ്മാണ പ്രവർത്തനങ്ങളാണ് ഇതിലൂടെ സാധ്യമായത്. നിയമസഭയുടെ കാലാവധി പൂർത്തിയാകുന്ന വർഷമെന്നുള്ള നിലയിൽ ഈ പദ്ധതിപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കേണ്ടതിന്റെയും ഏറ്റെടുത്ത മുഴുവൻ പ്രവർത്തനങ്ങളും സമയബന്ധിതമായി പരമാവധി ആറുമാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതിന്റെയും ആവശ്യകതയെപ്പറ്റി സർക്കാരിന്റെ സത്വരശ്രദ്ധ ക്ഷണിക്കുകയാണ്. നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയുടെ നടത്തിപ്പിൽ ഏറ്റവും വലിയ തടസ്സമായി കാണുന്നത് പ്രസ്തുത വികസന പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിന് ജില്ലാതലത്തിൽ ഒരു സംവിധാനം ഇല്ലെന്നുള്ളതാണ്. അതേസമയം എം.എൽ.എ.-മാരുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് അനുസരിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly